**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3016 — 10-05-2017 ൽ മറുപടിയ്ക്ക്

## ആലത്തൂർ അഗ്നിശമന നിലയത്തിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |

എ) ആലത്തൂർ മണ്ഡലത്തിൽ അഗ്നിശമന നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ;

ബി) പുതിയ കെട്ടിടത്തിന്റെ നിർമാണം എന്നത്തേക്ക് പൂർത്തിയാക്കുവാനാകുമെന്ന അറിയിക്കാമോ?

(എ)&(ബി)

ആലത്തൂർ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം പഞ്ചായത്തിൽ ബ്ലോക്ക് നം.17 ൽ കുഴൽമന്ദം-I വില്ലേജിൽ റീ-സർവ്വേ നം.672/6 ൽ പ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 50 സെൻറ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിനാവശ്യമായ ഫങ്ഷണൽ റിക്വയർമെൻറ്സും, ജീവനക്കാരുടെ വിവരങ്ങൾ എന്നിവ പാലക്കാട്, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ